# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 943

28.04.2017-ന് മറുപടിയ്ക്ക്

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.എം. ആരിഫ് | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞ പ്രകാരം അരൂർ മണ്ഡലത്തിലെ ഏതെല്ലാം വിദ്യാലയങ്ങളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (എ) ഗവ.എച്ച്.എസ്.എസ്. ചന്തിരൂർ ജി.എച്ച്.എസ്.എസ്. തിരുനല്ലൂർ. |
| (ബി) ബഹു. മുഖ്യമന്ത്രി നിയമസഭാ മന്ദിരത്തിൽ വച്ച് പദ്ധതി വിശദീകരിക്കുന്ന ഘട്ടത്തിൽ പ്രത്യേകം ക്ഷണിച്ചിരുന്ന തിരുനല്ലൂർ, പെരുമ്പളം, തേവർവട്ടം എന്നീ ഹയർ സെക്കന്ററി സ്കൂളുകൾക്ക് ഈ പദ്ധതി പ്രകാരം എത്ര രൂപയുടെ സഹായമാണ് ലഭിക്കുക എന്ന് വ്യക്തമാക്കുമോ; | (ബി) തിരുനല്ലൂർ ഹയർ സെക്കന്ററി സ്കൂൾ ലഭ്യമാക്കുന്ന മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ ആയത് പരിശോധിച്ച് പരമാവധി 3 കോടി രൂപ അനുവദിക്കുന്നതാണ്. മറ്റ് സ്കൂളുകളുടെ കാര്യത്തിൽ നിലവിൽ തീരുമാനമെടുത്തിട്ടില്ല. |
| (സി) ആദ്യഘട്ടത്തിൽ അരൂർ മണ്ഡലത്തിൽ എൽ.പി. സ്കൂൾ ഗണത്തിൽ എയ്ഡഡ് സ്കൂളുകളായ സെന്റ് ഫ്രാൻസിസ് എൽ.പി.എസ്.എരമല്ലൂർ., സർക്കാർ സ്കൂളായ മറ്റത്തിൽഭാഗം | (സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അടിസ്ഥാന സൗകര്യ വികസനത്തിനായി എയ്ഡഡ് സ്കൂളായ സെന്റ് ഫ്രാൻസിസ് |

എൽ.പി.എസ്.എന്നിവയ്ക്ക് എത്ര രൂപയുടെ ധനസഹായമാണ് ലഭിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

എൽ.പി.എസ്.എരമല്ലൂരിന് ധനസഹായം അനുവദിക്കുവാൻ നിർവ്വാഹമില്ല. സർക്കാർ സ്കൂളായ മറ്റത്തിൽഭാഗം എൽ.പി. സ്കൂളിന്റെ മാസ്റ്റർ പ്ലാൻ ലഭ്യമാകുന്ന മുറയ്ക്ക് ധനഹായം ലഭ്യമാക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

(ഡി) ഈ വർഷം ഒരു മണ്ഡലത്തിൽ ജൈവവൈവിദ്ധ്യ ഉദ്യാനത്തിന് എത്ര രൂപ വീതം എത്ര വിദ്യാലയങ്ങൾക്കാണ് നൽകുന്നത് എന്ന് വ്യക്തമാക്കുമോ ?

(ഡി) ‘ ജൈവവൈവിദ്ധ്യ ഉദ്യാനം വിദ്യാലയങ്ങളിൽ’ എന്ന പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

സെക്ഷൻ ഓഫീസർ